**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3829** **17-03-2025-ൽ മറുപടിയ്ക്ക്**

**<u>സ്റ്റാർട്ടപ്പ് ജിനോം കരാറിനുള്ള അംഗീകാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സ്റ്റാർട്ടപ്പ് ജിനോം എന്ന അന്താരാഷ്ട്ര സ്ഥാപനവുമായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ കരാർ ഉണ്ടാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം/അനുവാദം വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷൻ എന്ന് നാമകരണം ചെയ്ത ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ, 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് അംഗീകരിച്ച ഇൻക്യുബേറ്റർ കൂടിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ.

സ്റ്റാർട്ടപ്പ് ജീനോമുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ സേവന കരാറിൽ മാത്രമാണ് ഏർപ്പെട്ടിട്ടുള്ളത്. സ്ഥാപനങ്ങൾ തമ്മിലുള്ള സേവന കരാർ ആയതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയില്ല.

**സെക്ഷൻ ഓഫീസർ**